
# വായനക്കാരുടെ കത്തുകൾ/പ്രതികരണങ്ങൾ

## ഒരു വട്ടംകൂടി വധിച്ചതിന് അഭിനന്ദനങ്ങൾ!

**കേരളീയം** പ്രത്യേക പതിപ്പ്-ഭരണകൂടം ക്രിമിനലാകുമ്പോൾ-വായിച്ചു. ബലേ.. ഭേഷ്! 93-ാം വയസ്സിൽ രോഗപീഢയാൽ മരിച്ചുകഴിഞ്ഞ ഒരാളെ ഒരു വട്ടംകൂടി വധിച്ചതിന് അഭിനന്ദനങ്ങൾ! (ഇത് ദയാവധമായിരുന്നോ?) ഒരു സംശയം ബാക്കി. ഇതെന്തേ കുറച്ചുകൂടി നേരത്തേ ആകാമായിരുന്നില്ലേ, ആ മനുഷ്യൻ ജീവിച്ചിരുന്നപ്പോൾ? അത്രയ്ക്കു പേടിയായിരുന്നുവോ അദ്ദേഹത്തെ. ഇന്നിപ്പോൾ ആൾ മരിച്ചുകഴിഞ്ഞ്, ഭസ്മമായി എന്ന ധൈര്യത്തിലാണോ, ഈ ധീരകൃത്യം ? എന്തായാലും നന്നായി. ഇതുതന്നെയാണ് പത്രധർമ്മം. കേരളീയം കീ ജെയ്!

ഒരു സംഭവം ഈ സന്ദർഭത്തിൽ ഓർമ്മിക്കട്ടെ! അടിയന്തിരാവസ്ഥയുടെ 25-ാം വാർഷികം അന്നു ഞങ്ങൾ കുറച്ച് പി.യു.സി.എൽ പ്രവർത്തകർ തൃശൂർ റൗണ്ടിൽ നിന്നും ജാഥയായി തെക്കേമഠം ലൈനിലുള്ള ഈച്ചരവാരിയരുടെ വീട്ടിൽ പോയി. അവിടെ കെ.ജി.എസും അശോകൻ ചരുവിലും ഞങ്ങളും ഈച്ചരവാരിയരുടെ സാന്നിദ്ധ്യത്തിൽ ചെറുപ്രസംഗങ്ങൾ നടത്തി പിരിഞ്ഞു. ഈച്ചരവാരിയർ തീരെ ക്ഷീണിതനായിരുന്നതിനാൽ പ്രസംഗിച്ചില്ല. അദ്ദേഹത്തിന് പറയാനുള്ളത് അഡ്വ.ജവഹാർ ലാൽ റെക്കോഡു ചെയ്തു. വൈകീട്ട് വൈലോപ്പിള്ളി ഹാളിൽ കൂടിയ പൊതുയോഗത്തിൽ സർവ്വശ്രീ എ.വി.ആര്യൻ, കെ.പി. പ്രഭാകരൻ,കെ.വേണു എന്നിവരുടെ സാന്നിദ്ധ്യത്തിൽ അതുകേൾപ്പിച്ചു. ഈച്ചരവാരിയരുടെ ആ പ്രസംഗം മുഴുവനും തന്നെ ശ്രീമാൻ എ.കെ. ആന്റണിയുടെ നേരെയുള്ള രോഷപ്രകടനമായിരുന്നു. തന്റെ മകനെ കാണാതായതിലുള്ള വിഹ്വലതയുമായി മുഖ്യമന്ത്രിയായിരുന്ന എ.കെ.ആന്റണിയെ സമീപിച്ചപ്പോൾ ഉണ്ടായ മോശമായ പ്രതികരണമായിരുന്നു ഒരു കാരണം. ശേഷം കഥാസന്ദർഭത്തിൽ വീണ്ടും ആന്റണി മുഖ്യമന്ത്രിയായിരിക്കേ താൻ സമർപ്പിച്ച പോലീസ് നടപടി ക്രമങ്ങളിലെ ചില പരിഷ്ക്കരണ നിർദ്ദേശങ്ങൾ വിശേ




ഷിച്ചും ലോക്കപ്പ് പരിഷ്ക്കരണം സംബന്ധിച്ചവ ഒട്ടും തന്നെ മുഖവിലയ്ക്കെടുക്കാതെ ശ്രീ.ആന്റണി നിരാകരിച്ചതിന്റെ അമർഷം കൂടിയായിരുന്നു ഈച്ചരവാരിയരുടെ ഭാഷണത്തിൽ മുഴച്ചുനിന്നത്. ഒരക്ഷരം അന്ന് ഈച്ചരവാരിയർ ശ്രീ. കെ.കരുണാകരനെതിരെ പറഞ്ഞില്ല. എന്തേ?

അടിയന്തിരാവസ്ഥക്കാലത്ത് ആർ.ഇ.സി. വിദ്യാർത്ഥിയായിരുന്ന രാജൻ എന്ന യുവാവിന്റെ തിരോധാനത്തിൽ കെ. കരുണാകരന്റെ പങ്ക് എന്തായിരുന്നുവെന്ന് എപ്പോഴെങ്കിലും ആരെങ്കിലും ആ പ്രമാദമായ കേസിന്റെ ഏതെങ്കിലും ഘട്ടത്തിൽ നിർവ്വചിച്ചിട്ടുണ്ടോ? അടിയന്തിരാവസ്ഥക്കാലത്തെ ഒരു സംഘം ഉന്നതപോലീസ് നേതൃത്വത്തിന് താഴെയുള്ള പോലീസുകാർ നടത്തിയ ഭീമമായ നക്സൽ വേട്ടയുടെ കഥകൾ ഒന്നൊന്നായി അടിയന്തിരാവസ്ഥയ്ക്കു ശേഷം വെളിയിൽ വരികയുണ്ടായി.തുടർന്ന് പോലീസ് സേന ഒന്നടങ്കം പ്രതിരോധത്തിലാവുകയും പല വമ്പന്മാരും പ്രതികളായി കേസുകളുണ്ടാവുകയും ചെയ്തു. ഈ കേസുകളുടെ അന്വേഷണ ഘട്ടത്തിൽ അതേ നക്സൽ നേതാക്കന്മാരുടെ മുമ്പാകെ ഈ പോലീസ് ഏമാന്മാരെ തിരിച്ചറിയൽ പരേഡ് നടത്തുകയും ഒക്കെ ചെയ്തതല്ലേ? അവരുടെ മൊഴി വിശദമായി രേഖപ്പെടുത്തുകയും ചെയ്തതല്ലേ? ആ നീണ്ട മൊഴി രേഖപ്പെടുത്തലുകളിലെപ്പോഴെങ്കിലും ശ്രീ. കെ. വേണു അടക്കം ആരെങ്കിലും എന്തെങ്കിലും മൊഴിയുകയുണ്ടായോ?

സംസ്ഥാനം ഭരിക്കുന്ന മുഖ്യമന്ത്രി കോടതിയോട് കളവു പറഞ്ഞതായി തെളിഞ്ഞതിന്റെ പേരിലല്ലോ കരുണാകരന് സ്ഥാനത്യാഗം വന്നത്.

തന്റെ മകനെ കാണാതായതിലുള്ള തീവ്രദുഃഖവുമായി സംസ്ഥാനം ഭരിക്കുന്ന മുഖ്യമന്ത്രിയെ സമീപിച്ചപ്പോൾ ” തന്റെ മകനെ അന്വേഷിച്ച് നടക്കലാണോ എന്റെ പണി എന്നു ചോദിച്ച ശ്രീ. അച്ചുതമേനോന്റെ നേരെയല്ലേ ശ്രീ. ഈച്ചരവാരിയർ തന്റെ അമർഷവും കോപവും ചൊരിഞ്ഞത്? അല്ലാതെ ശ്രീ. കരുണാകരന്റെ നേരെയായിരുന്നോ? എന്നിട്ട് ശ്രീ.അച്ചുതമേനോൻ തടിതപ്പുകയും ശ്രീ. കരുണാകരൻ ടാർജറ്റ് ചെയ്യപ്പെടുകയുമല്ലേ ഉണ്ടായത്.?

ഇനിയും അഴീക്കോടൻ രാഘവന്റെ കൊലപാതകം സാഹചര്യങ്ങളുടെ കൂടിച്ചേരലുകൾ (കൂടിക്കുഴച്ചിലുകളോ) മാത്രം ആധാരമാക്കി ആ വധത്തിന് പിന്നിൽ കരുണാകരന്റെ കൈകളായിരുന്നുവെന്ന് സ്ഥാപിക്കാനാവുമോ ? ആ സംഭവം ഇനി എത്രപേരെക്കൊണ്ട് എത്ര തവണതന്നെ പുനരാഖ്യാനം ചെയ്യിച്ചാലും അതിൽ കരുണാകരന്റെ പങ്ക് സ്ഥാപിക്കാനാവുമോ? നമ്മുടെ നീതിന്യായ ചരിത്രത്തിൽ ഏതുകേസാണ് ഇത്തരം സാഹചര്യങ്ങളെ കൂട്ടിഗണിച്ച് വിധിയെഴുതിയിട്ടുള്ളത്? കാർഷിക സർവ്വകലാശാലയ്ക്ക് വേണ്ടി വെള്ളാനിക്കര തട്ടിൽ എസ്റ്റേറ്റ് വാങ്ങിയ വകയിൽ കരുണാകരൻ ഉൾപ്പെട്ട അഴിമതി ഇടപാട് തെളിയിക്കാൻ ഉതകുന്ന ഒരു കത്ത് കോടതിയിൽ എത്തിക്കുവാൻ ഇടവന്നാൽ അതോടെ അവസാനിക്കുമായിരുന്ന ഒന്നായിരുന്നോ കരുണാകരന്റെ രാഷ്ട്രീയഭാവി? കുപ്രസിദ്ധ ഐ.എസ്.ആർ.ഒ ചാരക്കേസ്സിനെപ്പറ്റി ആരും തന്നെ സ്പെഷ്യൽ പതിപ്പിൽ പരാമർശിച്ചുകണ്ടില്ല. ചാരക്കേസ്സ് കുത്തിപ്പൊക്കിയതിൽ നഷ്ടം ആർക്കായിരുന്നു. ? കരു

ണാകരനായിരുന്നോ? അതോ നമ്മുടെ രാജ്യത്തിനോ?

കെ. കരുണാകരൻ തന്റെ ഭരണകാലത്ത് കൊണ്ടുവന്ന വികസനങ്ങളെക്കുറിച്ച് ഒരൊറ്റ കാര്യം മാത്രം പരാമർശിച്ചുകൊണ്ട്, അദ്ദേഹത്തിന്റെ ദീർഘ ഫലപ്രദമായ ഭരണനൈപുണ്യത്തിന് തെളിവ് നെടുമ്പാശ്ശേരി എയർപോർട്ട് അറിയില്ലെ? ആർക്കുവേണ്ടിയായിരുന്നു അതുണ്ടാക്കിയത്? ആയിരത്തി അഞ്ഞൂറു കോടിയിൽ കുറഞ്ഞ ഒരു അന്താരാഷ്ട്ര എയർപോർട്ട് നിർമ്മിക്കുവാൻ കഴിയില്ലെന്ന് തൊട്ടടുത്ത ബാങ്കളൂരുകാർ പറഞ്ഞ് തർക്കിച്ചുകൊണ്ടിരിക്കുമ്പോൾ വെറും മുന്നൂറ് കോടിക്ക് ഒരു എയർപോർട്ടുണ്ടാക്കി കാണിച്ചു കൊടുത്തത് ആരായിരുന്നു? ചിലവായത് വെറും ഇരുന്നൂറ്റി എഴുപതു കോടി. ബാക്കി മുപ്പതുകോടി കൊണ്ട് കുടിയൊഴിപ്പിക്കപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകി. ഒരു കേസ്സുപോലുമില്ലാതെ തീർപ്പാക്കി.

കേരളത്തിൽ നിന്ന് ഗൾഫുനാടുകളിൽപോയി കൂലിപ്പണി ചെയ്തിരുന്ന പതിനായിരക്കണക്കിനു മലയാളി സാധാരണക്കാർക്കുവേണ്ടി അവരുടെ കൂടി പങ്കാളിത്തത്തോടെ (1000 എൻ.ആർ.എ ഷെയർ ഹോൾഡേഴ്സ്) മുതൽമുടക്കിൽ സർക്കാർ നിയന്ത്രണം ഉറപ്പാക്കി സമയ ബന്ധിതമായി പണി തീർത്തത്. എന്തായിരുന്നു ഈ പതിനായിരക്കണക്കിനുള്ള കൂലിപ്പണിക്കാരുടെ രണ്ടുവർഷവും മൂന്നുവർഷവും കൂടുമ്പോൾ ജന്മനാട്ടിലേക്കുള്ള മടക്കയാത്രയുടെ അവസ്ഥ? ബോംബെ സഹാറ എയർപോർട്ടിൽ വിമാനമിറങ്ങുമ്പോൾ തുടങ്ങും അവരുടെ ദുരിതം. നാട്ടിലേക്ക് ഫ്ളൈറ്റ് കിട്ടാതെ ദിവസങ്ങളോളമുള്ള കാത്തുകിടപ്പിനു പുറമേ ബോംബെ കസ്റ്റംസുകാരുടെ പിടിച്ചുപറിയും ടാക്സിക്കാരുടെ കൊള്ളയും! ഗതികെട്ട അവർ ഒട്ടുവളരെ പേർ ബസ്സിൽ മംഗലാപുരം വഴി കോഴിക്കോട്ടേക്ക് വന്നിട്ടാണ് തീരാദുരിതം താണ്ടി വീടുകളിൽ വന്നുചേർന്നിരുന്നത്. നെടുമ്പാശ്ശേരി വിമാനത്താവളം ഇക്കൂട്ടർക്കു മാത്രമായി ഉണ്ടാക്കിയതാണെന്നു പറഞ്ഞാൽ അതിശയോക്തിയാവില്ല. അത്രയ്ക്കു ആശ്വാസകരമായിരുന്നു സ്വന്തം വീട്ടുമുറ്റത്തുവന്നു വിമാനം ഇറങ്ങുന്നതുപോലുള്ള അവരുടെ അനുഭവം.

ഇതുപോലെ നിരവധി ദീർഘദർശനമുള്ള പദ്ധതികൾ ജീവിതത്തിന്റെ സമസ്ത മേഖലകളിലുമുള്ളവരെ ഗുണപരമായി ബാധിക്കുന്ന വിധത്തിൽ വേഗതയോടെ കാര്യക്ഷമമായി നടപ്പാക്കുന്നതിന് ശ്രീ. കരുണാകരൻ മുഖ്യമന്ത്രി എന്ന നിലയിൽ കാണിച്ച ഇച്ഛാശക്തിയും ആർജ്ജവവും ഉറച്ച തീരുമാനശേഷിയും സംസ്ഥാനം ഭരിച്ച മുഖ്യമന്ത്രിമാരിൽ ആരും തന്നെ പ്രകടിപ്പിച്ചിട്ടില്ല. അച്ചുതമേനോന്റെ കാലഘട്ടം മാത്രം വേറൊരു വിധത്തിൽ വേറിട്ടു നിന്നെങ്കിലും ഇക്കാര്യത്തിലില്ലാതെ തന്നെ കരുണാകരന്റെ സന്തത സഹചാരികളായ ദോഷങ്ങൾ- ഇഷ്ടജന ലാളനം, പിൽക്കാലത്തുണ്ടായ മക്കൾ രാഷ്ട്രീയം, തീർന്നില്ല, അഴിമതിക്കാരായ ചില ഉദ്യോഗസ്ഥരെ വഴിവിട്ടുസഹായിക്കൽ തുടങ്ങിയവ- തടസ്സമായി നിന്നില്ല. ഏറ്റവുമൊടുവിൽ പറയട്ടെ, കണ്ണൂരിലെ കൊലപാതകരാഷ്ട്രീയത്തിന്റെ പരമ്പരയിൽ രക്തസാക്ഷികളാകേണ്ടിയിരുന്ന, എം.വി രാഘവൻ ഇന്നും ജീവിച്ചിരിക്കുന്നത് കരുണാകരൻ മൂലമല്ലേ? കെ.ആർ. ഗൗരിയമ്മയുടെ ശിഷ്ടകാല രാഷ്ട്രീയ പ്രസക്തി നിലനിർത്തിയത് ആരായിരുന്നു? കരുണാകരന്റെ ദോഷങ്ങൾ കൊണ്ടു നഷ്ടം ഉണ്ടായത് അദ്ദേഹത്തിനുമാത്രമായിരുന്നു. മറ്റാർക്കും തന്നെ അതവകാശപ്പെടാൻ കഴിയില്ല.

മാപ്പുകൊടുത്തേക്കൂ കേരളീയമേ, പാവം മരിച്ചുപോയില്ലേ? നമുക്ക് ഇനിയുമുണ്ടല്ലോ മരിക്കാൻ ബാക്കി നേതാക്കൾ? കുറച്ചുമഷി അവർക്കുവേണ്ടിയും ഇരിക്കട്ടെ!

**കെ.വി.അബ്ദുൾ അസീസ്**
അയ്യന്തോൾ, തൃശൂർ

# കമ്മ്യൂണിസ്റ്റുകാരെ എന്തിന് വെറുതെ വിട്ടു?

**കേരളീയം** കരുണാകരപ്പതിപ്പ് വായിച്ചു. ജനാധിപത്യം - മണ്ണാങ്കട്ട. ജനാധിപത്യത്തിൽ അധികാരം ചിലർ ചേർന്ന് ഒരാളെ ഏൽപ്പിക്കുന്നു. രാജാധിപത്യത്തിൽ രാജാവിന്റെ ആത്മബലം കൊണ്ടും ഭാഗ്യം കൊണ്ടും അധികാരം രാജാവിൽ നിക്ഷിപ്തമാകുന്നു. രണ്ടിലും പ്രധാനി അധികാരം തന്നെ. അധികാരം ഒരു ലഹരിയാണ്. ഈ ലഹരി ബാധിച്ചവർ കൊന്നൊടുക്കിയ എണ്ണത്തിന് കണക്കില്ല. ഇതുവരെയുള്ള മനുഷ്യചരിത്രത്തിൽ അധികാരത്തിന്റെ ലഹരിയിൽ മരണപ്പെട്ടിടത്തോളം, പകർച്ചവ്യാധിമൂലമോ, പ്രകൃതിക്ഷോഭം മൂലമോ മനുഷ്യർ മരണപ്പെട്ടിട്ടില്ല. ഈ ഗണത്തിൽ അധികാരം കയ്യാളിയ ഒരു ജനാധിപത്യ രാജാവായിരുന്നു കരുണാകരൻ. ലെനിനും, സ്റ്റാലിനും, മാവോയുമെല്ലാം, അധികാരത്തിന്റെ പേരിൽ ജനങ്ങളെ കൂട്ടക്കൊലചെയ്തവരാണ്. അക്കൂട്ടത്തിൽ അധികാരത്തിൽ കയറിപ്പറ്റാനും അധികാരം നിലനിർത്താനും 'ചില്ലറ കളികളൊക്കെ' കരുണാകരനും ചെയ്തിട്ടുണ്ടാകാം. ജനാധിപത്യരാജാക്കന്മാരെ സംബന്ധിച്ചിടത്തോളം അതൊരു വലിയ അപരാധമല്ല. ഇവിടെ കമ്മ്യൂണിസത്തിന്റെ പേരിൽ തന്നെ എത്രയെത്ര കൊലപാതകം നടന്നിരിക്കുന്നു. - "രാഷ്ട്രീയാധികാരം തോക്കിൻ കുഴലിലൂടെയെന്നാണ് മാവോ പഠിപ്പിച്ചത്.

വെറുതെ തെക്ക് വടക്ക് നടന്നവൻ ഭരണസിരാകേന്ദ്രത്തിൽ എത്തിയെങ്കിൽ അത് കരുണാകരന്റെ കഴിവും ഭാഗ്യവുമാണ്. ആ കഴിവിൽ ജനാധിപത്യരീതിയിൽ വിമർശിക്കുക എന്ന് പറയുന്നത് ലേഖനമെഴുത്ത് മാത്രമാണ്. അല്ലാതെ ആളെ നേരിട്ട് മുന്നിൽ നിർത്തി 'കനകസിംഹാസനത്തിൽ കയറി ഇരിക്കുന്നവൻ ശുഭനോ അതോ ശുനകനോ' എന്ന് പാടിയാൽ മാർക്സിസ്റ്റ്കാരാണെങ്കിൽ അവരുടെ ജനാധിപത്യ ബോധമനുസരിച്ച് അവിടെ വെച്ച് തന്നെ കഴുത്തറുക്കും. കരുണാകരൻ അത് പുലിക്കോടനെക്കൊണ്ടും ലക്ഷ്മണയെക്കൊണ്ടുമൊക്കെ ചെയ്യിച്ചു എന്ന് മാത്രം.

ഇവിടെ പത്രങ്ങൾ കരുണാകരന്റെ ചരമം കൊണ്ടാടിയതിനാലാണ് നിങ്ങൾക്കമർഷം. മറ്റൊരു മുൻമുഖ്യമന്ത്രി നായനാര് മരിച്ചപ്പോഴും ഇത് പോലെ കൊണ്ടാടിയല്ലോ? അയാൾ മുഖ്യമന്ത്രിയായിരുന്നപ്പോഴും നിരപരാധികൾ പീഢിപ്പിക്കപ്പെട്ടിട്ടില്ലേ! ഏത് ഈച്ചരവാര്യർ എന്ന് ചോദിച്ചപോലെ നായനാരും അയാളുടെ പരിഹാസത്തിൽ നിന്നും ആളുകളെ പുച്ഛിച്ചിട്ടില്ലേ!

ഒരു കോൺഗ്രസ് നേതാവായ കരുണാകരനെ കുറിച്ച് നിങ്ങൾക്ക് ഇങ്ങനെയൊരു ലക്കം ഇറക്കാൻ കഴിഞ്ഞു. ലോകത്തെ ഏറ്റവും വലിയ ഫാസിസ്റ്റുകളായ കമ്മ്യൂണിസ്റ്റുകാരെകുറിച്ച്, അതിന്റെ ഒരു നേതാവിനെക്കുറിച്ച് ഇത്തരം ഒരു ലക്കം പ്രസിദ്ധീകരിക്കാൻ നിങ്ങൾക്കാവുമോ. കരുണാകരനും കമ്മ്യൂണിസ്റ്റുകാരനും ഒരേ നാണയത്തിന്റെ ഇരുവശങ്ങളാണെന്ന് മറക്കാതിരിക്കുക.

**കരിം. കെ. പുറം**
കോട്ടപ്പുറം, തൃശൂർ